മി. സ്പീക്കർ: എല്ലാ മാനേജുമെൻറുകൾക്കും ലക്ഷങ്ങൾ വാങ്ങാം. അതാണ് കുഴപ്പം. എന്നിട്ട് ഗവൺമെന്റ് സ്കൂൾ തുടങ്ങാൻ പറയും.

ശ്രീ. നാലകത്ത് സൂപ്പി: ഏതായാലും ഗവൺമെന്റ് ഇക്കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇത്രയെ പറയാൻ പറ്റുകയുള്ളു.

(3) ആനത്തോട്-പമ്പ അണക്കെട്ടുകൾ തകരുവാൻ സാദ്ധ്യതയുണ്ടെന്ന വാർത്തയെതുടർന്ന് ഉണ്ടായിരിക്കുന്ന ഗുരുതരാവസ്ഥ

ശ്രീ. രാജു എബ്രഹാം: കേരളത്തിലെ ഏറ്റവും നീളം കൂടിയ ആനത്തോട് അണക്കെട്ട് ഏത് സമയവും തകർന്ന് വീഴുന്ന സ്ഥിതിയിലാണ്. ഡാം സേഫ്ടി റീഹാബിലിറ്റേഷൻ ഡയറക്ടറേറ്റ് ഓഫ് സെൻട്രൽ വാട്ടർ കമ്മീഷൻ, ഡൽഹി നടത്തിയ പഠനത്തിൽ ഡാം ഏത് സമയവും തകർന്ന് വീഴാമെന്നും വൻദുരന്തമുണ്ടാകാമെന്നും മുന്നറിയിപ്പ് നൽകിയിരിക്കുകയാണ്. ഇന്നലെ സഭയിൽ തന്ന രേഖാമൂലമുള്ള മറുപടിയിൽ ഡാമിന് അപകടാവസ്ഥ ഇല്ല എന്നും അറ്റകുറ്റപ്പണി നടത്തിയാൽ മതിയെന്നുമാണ് പറഞ്ഞിരിക്കുന്നത്. പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ ഏഴ് ലക്ഷം കുടുംബങ്ങൾ, 30 ലക്ഷം ജനങ്ങൾ അവരുടെ ജീവൻ വൈദ്യുതി ബോർഡ് പന്താടരുത് എന്ന് മാത്രമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിന് നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, ശബരിഗിരി വൈദ്യുത പദ്ധതിയുടെ 1966-67 വർഷങ്ങളിൽ പണി പൂർത്തിയായ ആനത്തോട്-പമ്പ എന്നീ അണക്കെട്ടുകൾ കേന്ദ്ര ജല കമ്മീഷന്റെ ഡാം സേഫ്ടി റിഹാബിലിറ്റേഷൻ ഡയറക്ടറേറ്റ് പരിശോധിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇവർ പ്രീമൺസൂൺ ഇൻസ്പെക്ഷനും പോസ്റ്റ് മൺസൂൺ ഇൻസ്പെക്ഷനും നടത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ ആനത്തോടിൽ കണ്ടു വരുന്ന ചോർച്ച ഫലപ്രദമായി തടയുന്നതിനുവേണ്ടി സാങ്കേതിക മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, ഡിസൈൻ നൽകുക എന്നിവ കൺസൾട്ടൻസി അടിസ്ഥാനത്തിൽ ചെയ്യാൻ കേന്ദ്ര ജല കമ്മീഷൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ഇതിന് 3.43 ലക്ഷം രൂപയാണ് കേന്ദ്ര ജല കമ്മീഷന്റെ ഡാം സേഫ്ടി റിഹാബിലിറ്റേഷൻ ഡയറക്ടറേറ്റ് ആവശ്യപ്പെട്ടത്. താരതമ്യേന ചെലവു കുറഞ്ഞ മറ്റ് മാർഗ്ഗങ്ങൾ പരിശോധിക്കുവാൻ ബോർഡ് ആവശ്യപ്പെട്ട സാഹചര്യത്തിൽ വൈദ്യുതി ബോർഡിലെ ചീഫ് എഞ്ചിനീയർ, റിസർച്ച് ഓർഗനൈസേഷൻ, പള്ളം മറ്റ് ഫീൽഡ് എഞ്ചിനീയർമാരോടൊപ്പം 23-6-2003-ൽ ആനത്തോട്, പമ്പ ഡാമുകൾ പരിശോധിക്കുകയുണ്ടായി. ആനത്തോട് ഡാമിന്റെ പരിശോധനയിൽ ഡാമിൽനിന്ന് കൂടിയ അളവിൽ വെള്ളം ഊർന്നു വരുന്നുണ്ടെങ്കിലും (സിപ്പേജ്) ആശങ്കാജനകമായ സ്ഥിതിവിശേഷമൊന്നും ഇല്ലെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഇപ്പോൾ അപകടാവസ്ഥയിൽ അല്ലെങ്കിലും കാലപ്പഴക്കം കാരണം ആനത്തോട്, പമ്പ എന്നീ ഡാമുകളുടെ സുരക്ഷിതത്വത്തിന് ചില അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതായിട്ടുണ്ട്. ഈ ഡാമുകളുടെ സുരക്ഷിതത്വത്തിന് വേണ്ട അറ്റകുറ്റപ്പണികളെ സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്തി സുരക്ഷിതത്വത്തിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(4) തൃശ്ശൂർ മെഡിക്കൽ കോളേജിൽ പാരാമെഡിക്കൽ കോഴ്സിന് പഠിക്കുന്ന പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഹോസ്റ്റലിൽ ഭക്ഷണം ലഭ്യമാക്കാൻ നടപടി

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, തൃശ്ശൂർ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് പട്ടിക ജാതി പട്ടിക വർഗ്ഗ കുട്ടികൾക്ക് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിവരുന്നുണ്ട്. ആ ഇൻസ്റ്റിറ്റ്യൂട്ടിലെ ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്ന കുട്ടികൾക്ക് ഭക്ഷണം കിട്ടാത്ത

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. കാരണം സർക്കാരിൽനിന്നും ഫണ്ട് കിട്ടുന്നില്ലെന്നുള്ളതാണ്. അതുകൊണ്ടുതന്നെ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ കുട്ടികൾ ഇപ്പോൾ പുറത്ത് പണിക്ക് പോയിട്ടാണ് ജീവിക്കുന്നതെന്നാണ് മാധ്യമങ്ങളെല്ലാം റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഏഷ്യാനെറ്റ് ഉൾപ്പെടെയുള്ള ദൃശ്യമാധ്യമങ്ങളും ദേശാഭിമാനി ഉൾപ്പെടെയുള്ള പത്രമാധ്യമങ്ങളും ഈ വാർത്ത പുറത്തുകൊണ്ടു വന്നിരിക്കുകയാണ്. കേരളത്തിലെ മിക്കവാറും പ്രീമെട്രിക് ഹോസ്റ്റലുകളിലും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലുമെല്ലാം ഈ സ്ഥിതിവിശേഷം നിലനിൽക്കുന്നു. അതുകൊണ്ട് എത്രയും പെട്ടെന്ന് ഈ സ്ഥാപനങ്ങളിലേയ്ക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ച് ആ കുട്ടികളെ സംരക്ഷിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ): സർ, തൃശ്ശൂർ മെഡിക്കൽ കോളേജ് ക്യാമ്പസിൽ പ്രവർത്തിക്കുന്ന രണ്ട് പാരാ മെഡിക്കൽ കോഴ്സുകളുടെ Administrative Control ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനാണ്. അതിനാവശ്യമായ പണം നൽകുകയെന്നുള്ള ചുമതലയാണ് ഈ വകുപ്പിനുള്ളത്. ഇവിടെ 53 പെൺകുട്ടികൾ ഒരു ഹോസ്റ്റലിലും 32 ആൺകുട്ടികൾ രണ്ട് ഹോസ്റ്റലിലുമാണ്. പെൺകുട്ടികൾക്ക് ഒരു പ്രശ്നവും ഉണ്ടായിട്ടില്ല. അവർ ഇൻഡ്യൻ കോഫീ ഹൗസിലെ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആൺകുട്ടികളാകട്ടെ പാചകക്കാരെവച്ച് പ്രത്യേകം ഭക്ഷണം ഉണ്ടാക്കുകയായിരുന്നു. പണം കിട്ടാതെ വന്നപ്പോൾ ബുദ്ധിമുട്ടുണ്ടായി. ഈ പ്രശ്നം ശ്രദ്ധയിൽപെട്ടപ്പോൾ കഴിഞ്ഞയാഴ്ച ഞാൻതന്നെ ബന്ധപ്പെടുകയും പ്രശ്നം പരിഹരിക്കുകയും ചെയ്തു. കളക്ടറെക്കൊണ്ട് ആവശ്യമായ ഫണ്ട് തൽക്കാലം കൊടുപ്പിച്ചു. 15-ാം തീയതി 5,52,708 രൂപയുടെ ഡ്രാഫ്റ്റ് പ്രിൻസിപ്പലിനെ ഏല്പിച്ചിട്ടുണ്ട്. ആൺകുട്ടികളുടെ ഹോസ്റ്റലിലെ പത്തുപേർ കോഴ്സ് പൂർത്തിയാക്കിയവരാണ്. പരീക്ഷ കഴിഞ്ഞതിനാൽ അവർ വീട്ടിൽ പോകേണ്ടവരാണ്. അവിടെ താമസിച്ച നാലു പേർ പണിക്ക് പുറത്തുപോയിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ കൺട്രോൾ ചെയ്യുന്നത് പ്രിൻസിപ്പാൾ ആണ്. ഞാൻ പ്രിൻസിപ്പാളിനോട് ചോദിച്ചു. ഒന്നും അറിയില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ വകുപ്പുമായി ബന്ധപ്പെട്ട് ഇരുന്നൂറോളം പ്രീ-മെട്രിക് ഹോസ്റ്റലുകളും പതിനെട്ട് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും നാല്പത്തിനാല് ഐ.ടി.സി.-കളുമുണ്ട്. അതുപോലെതന്നെ ആറു ലക്ഷം പ്രീ-മെട്രിക് വിദ്യാർത്ഥികളും 2.5 ലക്ഷം പോസ്റ്റ് മെട്രിക് വിദ്യാർത്ഥികളും ഇരുപത്തിയഞ്ച് റസിഡൻഷ്യൽ സ്ക്കൂളുകളുമുണ്ട്. പക്ഷേ സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് ആവശ്യമായ പണം കിട്ടുന്നില്ല. രണ്ടാം തീയതി പട്ടികജാതി വകുപ്പിനുവേണ്ടി മുപ്പതു കോടി രൂപയുടെ മന്ത്ലി സീലിംഗും എട്ടാം തീയതി ട്രൈബൽ വകുപ്പിനുവേണ്ടി ഒമ്പതര കോടിയുടെ മന്ത്ലി സീലിംഗും കിട്ടി. പക്ഷേ ഉദ്യോഗസ്ഥൻമാർ ഇത് ട്രഷറിയിൽ ഹാജരാക്കിയപ്പോൾ.....

Mr. Speaker: You don't say that.....

ഡോ. എം. എ. കുട്ടപ്പൻ: അതെങ്ങനെ പറയാതിരിക്കും; സത്യം പറയണ്ടേ?

Mr. Speaker: You are responsible for that. Are you not ashamed? ഗവൺമെൻറ് തീരുമാനിച്ചാൽ ഉദ്യോഗസ്ഥൻമാർ അത് നടപ്പിലാക്കുക.

ഡോ. എം. എ. കുട്ടപ്പൻ: മിനിഞ്ഞാന്ന് ധനകാര്യ വകുപ്പുതന്നെ ട്രഷറി നിയന്ത്രണം മുഴുവൻ എടുത്തു കളഞ്ഞുവെന്ന് ഫാക്സ് കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ഏതാനും ദിവസംകൊണ്ട് ഈ പ്രശ്നം മുഴുവൻ പരിഹരിക്കുന്നതാണ്.

Mr. Speaker: That is right.

LIBRARY ARCHIVES Kerala Legislative Assembly.